സൗജന്യ റേഷൻ

19 [*174] ശ്രീ. വി. ജെ. പൗലോസ്:
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗിരിവർഗ്ഗ മേഖലയിലെ ജനവിഭാഗങ്ങൾ, പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾ എന്നിവർക്ക് സൗജന്യ റേഷൻ കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പൂട്ടിക്കിടക്കുന്ന പൊതുമേലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് സൗജന്യ റേഷൻ കൊടുക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഗിരിവർഗ്ഗ മേഖലയിലെ ജനവിഭാഗങ്ങൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്യുന്നത് സബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഭക്ഷ്യ വകുപ്പിന്റെ പരിഗണനയിലില്ല. കാലവർഷക്കെടുതികൾ മൂല്യം പട്ടിണിയും തൊഴിലില്ലായ്മയും അനുഭവിക്കുന്ന മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും ഓരോ വർഷവും റവന്യൂ വകുപ്പിന്റെ ഉത്തരവ് പ്രകാരം സൗജന്യ റേഷൻ അനുവദിച്ച് വരുന്നുണ്ട്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ ഒരു തൊഴിലാളി കുടുംബത്തിന് 2006 ജൂൺ മാസം വരെ ആഴ്ചയിൽ 5 കിലോഗ്രാം അരി വീതം സൗജന്യമായി നൽകുന്നതിന് റവന്യൂ വകുപ്പിൽനിന്നും ഉത്തരവായിട്ടുണ്ട്.

(ബി) പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഭക്ഷ്യ വകുപ്പിന്റെ പരിഗണനയിലില്ല.

ആഗോള വിദ്യാഭ്യാസ സംഗമം

20 [*175] ശ്രീ. ടി. കെ. ദേവകുമാർ :
,, കോടിയേരി ബാലകൃഷ്ണൻ :
,, മത്തായി ചാക്കോ :
,, സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ നടന്ന ആഗോള വിദ്യാഭ്യാസ സംഗമത്തിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) ഉന്നത വിദ്യാഭ്യാസ മേഖലയിൽ നേരിട്ടുള്ള വിദേശ നിക്ഷേപ സാദ്ധ്യത ആരായുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അക്കാദമീയവും ഭരണപരവും സാമ്പത്തികവുമായ സ്വയംഭരണം അനുവദിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യം ആഗോള വിദ്യാഭ്യാസ സംഗമത്തിൽ ചർച്ച ചെയ്തിട്ടുണ്ടോ;

(ഡി) ഉന്നത വിദ്യാഭ്യാസത്തിന്റെ ആഗോളീകരണം സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly